## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1342

13 /12/2012 - ൽ
മറുപടിക്ക്

**രണ്ട് രൂപ നിരക്കിൽ അരി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി.ദിവാകരൻ | | **ശ്രീ. അനൂപ് ജേക്കബ്.** (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) രണ്ടു രൂപ നിരക്കിൽ ഇപ്പോൾ റേഷൻ കടകൾ മുഖാന്തിരം അരി വിതരണം നടക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| ബി) എത്ര കാർഡുടമകൾക്കാണ് രണ്ടു രൂപ നിരക്കിൽ അരി വിതരണം നടത്തുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | എ.പി.എൽ. വിഭാഗത്തിൽപെട്ട 42,22,949 കാർഡുടമകൾക്കാണ് രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്തു വരുന്നത് |
| സി) ഈ സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര ടൺ അരിയാണ് വിതരണം ചെയ്തത്; | (സി) | 2012 ഏപ്രിൽ മുതൽ ഡിസംബർ വരെ വിതരണം ചെയ്യുന്നതിനായി 334187 മെ.ടൺ എ.പി.എൽ. അരി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനായി അനുവദിച്ചിട്ടുണ്ട്. |
| ഡി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ടവർക്കാണ് പ്രസ്തുത പദ്ധതിയിൽ ഇപ്പോൾ രണ്ടു രൂപ നിരക്കിൽ അരി വിതരണം നടത്തുന്നതെന്നറിയിക്കാമോ? | (ഡി) | എ.പി.എൽ. വിഭാഗത്തിലെ താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെട്ട ഫോട്ടോ പതിച്ച സത്യവാങ്മൂലം നല്കിയിട്ടുള്ള കാർഡുടമകൾക്കാണ് നിലവിൽ രണ്ടു രൂപ പദ്ധതിയുടെ ആനുകൂല്യം നൽകിവരുന്നത്.<br>1) രണ്ടര ഏക്കറിൽ കുറഞ്ഞ ഭൂമിയുള്ള കുടുംബങ്ങൾ<br>2) പ്രതിമാസം 25000/- രൂപയിൽ കുറഞ്ഞ കുടുംബ വരുമാനമുള്ളവർ.<br>3) 2500 ചതുരശ്ര അടിയിൽ കുറഞ്ഞ വലിപ്പമുള്ള വീടുള്ള കുടുംബങ്ങൾ. |

സെക്ഷൻ ഓഫീസർ